# പതിമൂന്നാം കേരള നിയമസഭ

## (പന്ത്രണ്ടാം സമ്മേളനം)

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 144** **01/12/2014-ൽ മറുപടിയ്ക്ക്**

## തീരമൈത്രി സൂപ്പർ മാർക്കറ്റുകൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എ. പ്രദീപ് കുമാർ: | | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): | |
| (എ) | തീരമൈത്രി സൂപ്പർ മാർക്കറ്റുകൾ വഴി വിതരണം ചെയ്യുന്ന സിവിൽ സപ്ലൈസിന്റെ ഭക്ഷ്യധാന്യങ്ങൾക്ക് സബ്സിഡി തുക അനുവദിച്ചിട്ടുണ്ടോ; | (എ) | അനുവദിച്ചിരുന്നു. |
| (ബി) | ഉണ്ടെങ്കിൽ 2010-ന് ശേഷം ഓരോ വർഷവും അനുവദിച്ച തുക എത്രയെന്ന് വിശദമാക്കുമോ; | (ബി) യും (സി) യും | തീരമൈത്രി സൂപ്പർ മാർക്കറ്റുകളിലൂടെ മാവേലി ഇനത്തിലുള്ള നിത്യോപയോഗ സാധനങ്ങൾ സപ്ലൈകോ നൽകുന്ന സബ്സിഡി ഇനത്തിൽ വിതരണം ചെയ്യുന്നതിന് 2 കോടി രൂപ 2009 വർഷത്തിൽ അനുവദിച്ചിരുന്നു. 2010-ന് ശേഷം തുകയൊന്നും അനുവദിച്ചിരുന്നില്ല. എന്നാൽ സപ്ലൈകോ/കൺസ്യൂമർ ഫെഡ് പ്രവർത്തിക്കുന്ന പ്രദേശങ്ങൾ ഒഴികെയുള്ള പ്രദേശങ്ങളിലെ തീരമൈത്രി സൂപ്പർ മാർക്കറ്റിലൂടെ മാവേലി ഇനത്തിൽപ്പെട്ട നിത്യോപയോഗ സാധനങ്ങൾ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നതിനായി 1 കോടി രൂപ ന്യൂ സർവ്വീസ് നടപടിക്രമം അനുസരിച്ച് ഈ സാമ്പത്തികവർഷം വകയിരുത്തുന്നതിന് 09.10.2014-ൽ അനുമതി നൽകിയിട്ടുണ്ട്. |
| (സി) | തുക അനുവദിച്ചിട്ടില്ലെങ്കിൽ എന്തുകൊണ്ടാണ് എന്ന് വ്യക്തമാക്കുമോ? | | |

സെക്ഷൻ ആഫീസർ